പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
**ചോദ്യം നമ്പർ: 129**

**14/12/2012 - ൽ മറുപടിയ്ക്ക്**

പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പി. എം. ജി. എസ്. വൈ നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രായോഗികമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ സംസ്ഥാനങ്ങളുടെ സാഹചര്യം അനുസരിച്ച് ചില മാറ്റങ്ങൾ ആവശ്യമാണെന്ന അഭിപ്രായമാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. |
| (ബി) ഭരണാനുമതി കിട്ടിയ എത്ര പ്രവൃത്തികൾ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ മുടങ്ങികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര അനുമതി കിട്ടിയ 218 പ്രവൃത്തികൾ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ മുടങ്ങികിടക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങികിടന്ന ഫേസ് II മുതൽ VII വരെയുള്ള 327 റോഡുകൾക്ക് 2010 എസ്.ഒ.ആർ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചപ്പോൾ ആവശ്യമായി വന്ന അധിക തുക ഇപ്പോൾ സംസ്ഥാന സർക്കാർ കണ്ടെത്തി നിർവ്വഹണം ആരംഭിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ മുടങ്ങികിടന്ന റോഡുകൾക്ക് 2010 ലെ നിരക്കിൽ നിന്ന് പരമാവധി 25% തുക അധികം നൽകിയപ്പോൾ 27 റോഡുകളും പരമാവധി 35% തുക നൽകിയപ്പോൾ 12 |

റോഡുകളും പരമാവധി 42% തുക നൽകിയപ്പോൾ 64 റോഡുകളും കൂടി 103 റോഡുകളുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. 327 റോഡുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക 286 കോടി രൂപയാണ്. 2010 ലെ റേറ്റിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചപ്പോൾ 102 കോടി രൂപ അധികമായി സംസ്ഥാന സർക്കാർ വഹിക്കേണ്ടിവന്നു

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ആവർത്തിച്ച് കരാർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത 218 പ്രവർത്തികൾക്ക് നേഗോഷ്യേറ്റഡ് ക്വോട്ടേഷൻ മുഖേന കരാർ ഉറപ്പിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.. ഈ നടപടിയിലൂടെ 80 റോഡുകൾക്ക് കരാറുകാർ ടെണ്ടർ - സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച ടെണ്ടറുകളുടെ - സാങ്കേതിക നിലവാരം പരിശോധിച്ച് വരികയാണ്. ഇനിയും ടെണ്ടർ ലഭിക്കാത്ത പ്രവർത്തികളുടെ എസ്റ്റിമേറ്റ് 2012 നിരക്ക് പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ